**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4190** **09-08-2021 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എൽ. പി. സ്കൂൾ തലം മുതൽ പന്ത്രണ്ടാം ക്ലാസ് തലം വരെയുള്ള കരിക്കുലം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എൽ. പി. തലം മുതൽ ഹയർസെക്കന്ററി വരെയുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന കരിക്കുലം ഫ്രെയിം വർക്ക് വികസിപ്പിക്കുന്നതിനായുള്ള പ്രാരംഭ ചർച്ചകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനം സ്വന്തം നിലയ്ക്ക് പാഠ്യപദ്ധതി പരിഷ്കരിക്കാനാണോ അതോ കേന്ദ്രസർക്കാരിന്റെ മാർഗനിർദ്ദേശം അനുസരിച്ചുള്ള പാഠ്യപദ്ധതി തയ്യാറാക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനം സ്വന്തം നിലയ്ക്ക് പാഠ്യപദ്ധതി പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനായി സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ കാഴ്ച്ചപ്പാടിനും സമീപനത്തിനും അനുസൃതമായ കേന്ദ്ര നിർദേശങ്ങളും പരിഗണിക്കുന്നതാണ്. |
| (സി) | പാഠ്യപദ്ധതിയുടെ കരട് രൂപം തയ്യാറാക്കി കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) | കരട് രൂപം തയ്യാറാക്കി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ